www.malankaralibrary.com

# നെഹ്രു ഇകഴ്ത്തപ്പെടുമ്പോൾ

ഡോ.കെ.എം.ഫ്രാൻസിസ്

ഇന്ത്യയുടെ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ മഹാത്മാഗാന്ധിയുടെ പങ്കാളിയും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഭാരതദേശത്തെ കെട്ടിപ്പടുക്കാൻ പരിശ്രമിക്കുകയും ചെയ്ത വ്യക്തിയാണ് ജവഹരിലാൽ നെഹ്രു. അദ്ദേഹം രൂപംകൊടുത്ത ചില രാഷ്ട്രീയ സാമ്പത്തിക നിലപാടുകളാണ് ആധുനിക ഭാരതം നേരിടുന്ന പല പ്രശ്നങ്ങളുടെയും അടിസ്ഥാനമെന്ന് ഭാരതീയ ജനതാപാർട്ടിയുടെ ഉന്നതരായ പല നേതാക്കളും ആരോപിക്കുന്നു. നെഹ്രു പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയത് സ്വന്തം ഇഷ്ടപ്രകാരം മാത്രമല്ല. അന്നത്തെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പിൻതുണയും നെഹ്രുവിനുണ്ടായിരുന്നു. എന്നാൽ നെഹ്രു വിമർശിക്കപ്പെടുമ്പോൾ നെഹ്രുവിന്റെ പൈതൃകത്തിൽ പങ്കുപറ്റി ദേശീയാധികാരത്തിൽ പങ്കുപറ്റിയ കോൺഗ്രസ്സ് പാർട്ടി നേതാക്കൾ കുറ്റകരമായ മൗനം പാലിക്കുകയാണ്. ഇത്തരമൊരു മൗനത്തിന്റെ കാരണം തന്നെ കോൺഗ്രസ്സ് നേതാക്കൾ, കോൺഗ്രസ്സ് പാർട്ടി സ്വാതന്ത്ര്യസമരകാലത്ത് സ്വപ്നം കണ്ട ഉന്നതമായ ആദർശങ്ങളെക്കുറിച്ച് അജ്ഞരാണ് എന്നതാണ്.

## ദേശവും (Nation) രാഷ്ട്രവും (State)

ഒരു ദേശത്തിന്റെ (Nation) ഭരണപരമായ സംവിധാനം മാത്രമാണ് രാഷ്ട്രം. ദേശവും രാഷ്ട്രവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുക ബുദ്ധിമുട്ടാണ്. ദേശമെന്നത് ചില സാർവത്രിക (Univarsal) ലക്ഷ്യങ്ങൾക്കുവേണ്ടി ഐക്യപ്പെട്ട (United) ജനങ്ങളാണ്. ഈ ജനത തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാനും തകർക്കപ്പെടാതിരിക്കാനും സൃഷ്ടിക്കുന്ന ഭരണപരമായ സംവിധാനമാണ് രാഷ്ട്രം (State). പ്രധാനമന്ത്രിയും രാഷ്ട്രപതിയും സുപ്രീംകോടതിയിലെ പ്രധാന ന്യായാധിപനും മുതൽ വാർഡ് മെമ്പർമാർ വരെയുള്ളവർ തങ്ങളുടെ സേവനത്തിന് ശമ്പളവും പെൻഷനും കൈപ്പറ്റുന്ന കൂലിക്കാരാണ്. ഇവർക്ക് വേതനം കൊടുക്കുന്ന സമൂഹമാണ് ജനത (Nation). ബ്രിട്ടീഷ് ഭരണത്തിൻ കീഴിലാണ് ഇന്ത്യ രാഷ്ട്രമായി രൂപം കൊണ്ടത്. എന്നാൽ ഇന്ത്യ ഒരു ദേശമായി മാറിയത് മറ്റു ചില ഘടകങ്ങൾ കൊണ്ടാണ്. ഇന്ത്യയെ ഒരു ദേശമാക്കി മാറ്റുന്നതിൽ അനേകം ഘടകങ്ങൾക്ക് പങ്കാളിത്വമുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സാരഥികൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഗാന്ധിയും നെഹ്രുവും ഏറ്റെടുത്തത്. ഇന്ത്യയുടെ രാഷ്ട്രീയാതിർത്തിയിൽ (State Territory)നിലനിൽക്കുന്ന കോടാനുകോടി ജനത എങ്ങിനെയാണ് പൊതുലക്ഷ്യമുള്ള അഥവാ സാർവത്രിക ലക്ഷ്യമുള്ള ഒരു ജനതയായി ഐക്യപ്പെട്ടത്?

## സാമൂഹിക കരാർ (Social Contract)

വ്യത്യസ്ഥ വ്യക്തികൾ കരാറുകളുടെ (Contract) അടിസ്ഥാനത്തിൽ ഒരുമിച്ച് ജീവിക്കുമ്പോഴാണ് രാഷ്ട്രം രൂപം കൊള്ളുന്നതെന്ന് ചില രാഷ്ട്രീയ ചിന്തകർക്ക് അഭിപ്രായമുണ്ടായിരുന്നു. അവർ വ്യക്തികൾക്കും രാഷ്ട്രത്തിനും ഇടയിലുള്ള ജനതയെയും, ജനതയെ രൂപംകൊടുക്കുന്ന സാംസ്കാരിക വൈവിധ്യങ്ങളെയും മറന്നുകളഞ്ഞു. ഓരോ വ്യക്തിയുടെയും സ്വകാര്യ താല്പര്യങ്ങളെ സ്വയം നിയന്ത്രിച്ച് ഓരോരുത്തനേയും സമൂഹത്തിന്റെ പൊതു താല്പര്യങ്ങളിലേക്ക് വളർത്തുന്ന സ്വയം ചലിതവും മനുഷ്യനിർമ്മിതവുമായ സംവിധാനങ്ങളാണ് സംസ്കാരം. സാംസ്കാരിക വളർച്ചയുടെ ഒരു ലക്ഷണമാണ് നാഗരികത (Civilisaton).

ബ്രിട്ടീഷുകാർ ഭരണസംവിധാനമായി മാത്രം സംഘടിപ്പിച്ച ഭാരതരാഷ്ട്രത്തെ ജനതയാക്കിമാറ്റാൻ ഇന്ത്യൻ സംസ്കാരത്തിന്റെ പൈതൃകത്തിൽ (Heritage) ഊർജ്ജം കണ്ടെത്താൻ ശ്രമിച്ചവരാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കൾ. ഇവരിൽ പ്രമുഖന്മാരായിരുന്നു ഗാന്ധിജിയും നെഹ്രുവും. വ്യത്യസ്ഥ ഭാഷകൾ, വ്യത്യസ്ഥ വേഷവിധാനങ്ങൾ, വ്യത്യസ്ഥ ആചാരങ്ങൾ, വ്യത്യസ്ഥ മതവിഭാഗങ്ങൾ, വ്യത്യസ്ഥ ജാതികൾ, വ്യത്യസ്ഥ സാംസ്കാരിക ഘടനകൾ ഇവയെല്ലാം ഭാരത ജനതയെന്ന ഏക ലക്ഷ്യത്തിലേക്ക് എങ്ങിനെ വളർത്തും. വൈവിധ്യത്തെ (diversity) നിലനിർത്തി ഏകത (Unity) സൃഷ്ടിക്കണമോ? വൈവിധ്യത്തെ ഇല്ലാതാക്കി ഏകത സൃഷ്ടിക്കണമോ? ഏതാണ് ശരി? ഇന്ത്യൻ പുരാണങ്ങളും വേദങ്ങളും ഉപനിഷത്തുകളും വേദാന്തവും നിർദ്ദേശിക്കുന്നത് വൈവി

www.malankaralibrary.com

ധ്യങ്ങളില്ലാത്ത ഏകതയാണോ? വൈവിധ്യങ്ങളെ നിലനിർത്താനുള്ള ഏകതയാണോ? ഇക്കാര്യത്തിൽ ഗാന്ധിജിയുടെ നിലപാടാണ് നെഹ്റു പിൻതുടർന്നത്.

രഘുപതിരാഘവ രാജാറാം
പതീത പാവന സീതാറാം
ഈശ്വർ അള്ളാ തേരാനാം
സബ്ക്കോ സമ്മതി ദേ ഭഗവാൻ

എന്ന ഗാന്ധിയൻ കീർത്തനം ബഹുഭൂരിപക്ഷം വരുന്ന ഇന്ത്യക്കാരന്റെ മനസ്സുകളെ കീഴടക്കി. മതഭേദത്തിന്റെ പേരിൽ വിഘടിക്കുന്നത് തെറ്റാണെന്ന് കവികൾ, ലേഖനരചയിതാക്കൾ, ഗ്രന്ഥകർത്താക്കൾ, പത്രപ്രവർത്തകർ, വിദ്യാഭ്യാസ സംവിധാനങ്ങൾ, അനേകം വ്യത്യസ്ഥ സംഘടനാപ്രവർത്തകർ, മതനേതാക്കൾ, സാമുദായിക നേതാക്കൾ മുതലായവർ പ്രചരിപ്പിച്ചു. നാനാത്വത്തിലെ ഏകത്വം ഒരു രാഷ്ട്രീയ മുന്നേറ്റമായി. സ്വാതന്ത്ര്യം എന്റെ ജന്മാവകാശം എന്ന ബോധ്യത്തിലേക്ക് ഇന്ത്യൻ ജനത വളർന്നു. സത്യമെന്ന ഏക യാഥാർത്ഥ്യത്തിന് വ്യത്യസ്ഥ വിഭാഗം ജനതകൾ നൽകിയ നാമപദങ്ങളാണ് ഈശ്വരൻ, അള്ളാ, യഹോവാ, ദൈവം എന്നീ പദങ്ങൾ. സത്യമെന്ന ഏക യാഥാർത്ഥ്യത്തിന് ഓരോ മനുഷ്യനും സ്വയം വിധേയമാകുമ്പോൾ വ്യത്യസ്ഥ മതങ്ങൾ തമ്മിൽ ഐക്യമുണ്ടാകുമെന്ന് ഗാന്ധിജി കണ്ടെത്തി. എല്ലാ മതങ്ങളും പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രമീമാസകളും സത്യത്തിന്റെ ഭാഗിക പ്രകാശനങ്ങളാണ് എന്ന തിരിച്ചറിവാണ് സർവ്വമത സൗഹാർദ്ദ രാഷ്ട്രം എന്നതാണ് സ്വാതന്ത്ര്യാനന്തര ഭാരതം സ്വീകരിക്കേണ്ടതെന്ന പുരോഗമനപരമായ നിലപാടിൽ നെഹ്റു എത്തിചേർന്നത്. ഇക്കാര്യം ഇന്ത്യൻ ജനതയെ പഠിപ്പിക്കാൻ നെഹ്റു രചിച്ച ഗ്രന്ഥങ്ങളാണ് 'ഇന്ത്യയെ കണ്ടെത്തൽ', 'പ്രകാശത്തിലേക്ക്' എന്നീ ഗ്രന്ഥങ്ങൾ. പ്രകാശത്തിലേക്ക് എന്ന ഗ്രന്ഥത്തിലെ മതങ്ങൾ എന്ന അദ്ധ്യായത്തിൽ നിയോപ്ലാറ്റോണിസ്റ്റായ പ്ളോട്ടീനൂസിന്റെ ചിന്തകൾ ഉപനിഷത്തുകളിൽ നിന്ന് എടുത്തവയാണെന്ന് കൂടി നെഹ്റു വാദിക്കുന്നു. ശ്രീശങ്കരാചാര്യരുടെ ചിന്തകൾ പ്ളോട്ടീനൂസിന്റെ ചിന്തകൾ മോഷ്ടിച്ചതാണെന്ന പാശ്ചാത്യരുടെ വാദത്തെ ഖണ്ഡിക്കാനാണ് നെഹ്റു ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്. ആദിശങ്കരന്റെ 'അഹം ബ്രഹ്മാസ്മി' എന്ന ചിന്ത മനുഷ്യനെ കുറിച്ചുള്ള ഏറ്റവും പുരോഗമനപരമായ ചിന്തയാണെന്ന് വാദിക്കുന്നവരാണ് പ്രബുദ്ധതയുടെ വക്താക്കളിൽ പലരുമെന്ന് വിസ്മരിക്കരുത്. ശ്രീശങ്കരാചാര്യരുടെ ഏകാത്മതാ വാദത്തിൽ നിന്ന് യൂറോപ്യൻ ചിന്തകർ വൈവിധ്യങ്ങളിലെ ഏകത്വം എന്ന തത്വം കണ്ടെത്തിയതെന്ന് കാണാവുന്നതാണ്. വൈവിധ്യങ്ങളില്ലാത്ത ഏകത്വമാണ് ശ്രീശങ്കരന്റെ വാദമെന്നത് തെറ്റാണ്.

### ആയുധമോ അപ്പമോ?

സ്വാതന്ത്ര്യാനന്തരഭാരതത്തിന്റെ പ്രധാനപ്പെട്ട ചോദ്യം ജനതയ്ക്കാവശ്യം അപ്പമാണോ, ആയുധമാണോ എന്നായിരുന്നു. അതിർത്തിയിലുള്ള രാജ്യങ്ങളുമായി യുദ്ധം തുടർന്നാൽ പട്ടിണിമൂലം ജനകോടികൾ മരിക്കും. ആദ്യം ഭക്ഷണം പിന്നീട് ആയുധം എന്ന ഭരണതീരുമാനമാണ് അയൽ രാജ്യങ്ങളുമായുള്ള യുദ്ധത്തിൽ നിന്ന് നെഹ്റു പിന്മാറിയത്. ഇന്ത്യക്കാരെ തീറ്റിപ്പോറ്റാൻ ഭക്ഷണം ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യയ്ക്ക് ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തത നേടിയെടുക്കാൻ കഴിഞ്ഞത് നെഹ്റുവിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ മികവായി മനസ്സിലാക്കണം. കാശ്മീർ പ്രശ്നം മൂലം അമ്പതിനായിരം ഇന്ത്യക്കാർ മരണമടഞ്ഞുവെന്ന് ആരോപിക്കുമ്പോൾ മറുപുറവും ആലോചനാവിഷയമാക്കണം. സ്വാതന്ത്ര്യാനന്തര ഇന്ത്യ ചൈനയും പാക്കിസ്ഥാനുമായി അതിർത്തി സംരക്ഷിക്കുവാൻ ആയുധങ്ങൾക്കായി ധാരാളം പണം ചിലവഴിച്ചിരുന്നെങ്കിൽ പട്ടിണിമൂലം കോടിക്കണക്കിന് ഇന്ത്യക്കാർ മരിച്ചേനെ.

ഇത്തരമൊരു കറുത്ത ചരിത്രം യു.എസ്.എസ്.ആർ എന്ന രാജ്യത്തിനുമുണ്ട്. അതിർത്തി വികസിപ്പിക്കാനും ലോകരാഷ്ട്രങ്ങളുടെ മുൻപിൽ ഞങ്ങൾ വലിയവരാണെന്ന് മേനി നടിക്കാനും യു.എസ്.എസ്.ആർ ആയുധങ്ങൾ സംഭരിച്ചു. ലെനിൻ, സ്റ്റാലിൻ പ്രതിമകളും നാടുനീളെ പണിതുയർത്തി. പക്ഷെ, 1917ന് മുൻപ് ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യകയറ്റുമതി രാജ്യമായിരുന്ന യു.എസ്.എസ്.ആർ ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യ ഇറക്കുമതി രാജ്യമായിമാറി. ഭക്ഷണവും ആയുധവും തമ്മിലുള്ള അനുപാതം രാജ്യത്തിന്റെ സാമ്പത്തിക ആരോഗ്യത്തിന്റെ പശ്ചാത്തലത്തിൽ നിർണ്ണയിക്കപ്പെട്ടില്ലെങ്കിൽ യു.എസ്.എസ്.ആർ ന് നേരിട്ട അതേ അവസ്ഥ ഇന്ത്യയ്ക്കും വന്നുഭവിക്കുമായിരുന്നു. ഇത് മനസ്സിലാക്കിയതുകൊണ്ടാകണം നെഹ്റു ആയുധത്തേക്കാൾ അപ്പത്തിന് പ്രാധാന്യം കൊടുത്തത്.

www.malankaralibrary.com

**മുതലാളിത്വമോ, സോഷ്യലിസമോ?**

സ്വാതന്ത്ര്യാനന്തരഭാരതം പിൻതുടരേണ്ട സാമ്പത്തിക വ്യവസ്ഥിതി എന്തായിരിക്കണം എന്ന കാര്യത്തിൽ നെഹ്രുവന്റെ പ്രാഥമിക നിലപാടുകൾ ശരിയായിരുന്നു. മുഴുവൻ സാമ്പത്തിക പ്രക്രിയയും സ്വകാര്യമേഖലയെന്ന മുതലാളിത്ത രാജ്യങ്ങളുടെ നിലപാടിനോടും മുഴുവൻ രാജ്യവും പൊതു ഉടമസ്ഥതയിലെന്ന കമ്മ്യൂണിസ്റ്റ് നിലപാടിനോടും സമദൂരം പ്രഖ്യാപിച്ച നെഹ്രു (എ) പൊതുമേഖല (ബി) സ്വകാര്യമേഖല (സി) പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിലുള്ള സംയുക്ത മേഖല എന്നീ മൂന്ന് മേഖലകൾ കണ്ടെത്തി.

സാമ്പത്തിക മേഖല മുഴുവനായും പൊതുമേഖലയിലായതുകൊണ്ട് ലോകപറുദീസയായിരുന്നുവെന്ന് തോന്നലുണ്ടാക്കിയിരുന്ന സോവിയറ്റു റഷ്യ തകർന്ന് തരിപ്പണമായി. ദാരിദ്ര്യം മൂലം റഷ്യൻ ജനത കമ്മ്യൂണിസം വലിച്ചെറിഞ്ഞു. മുതലാളിത്ത രാജ്യങ്ങളിൽ സ്വകാര്യ സംരംഭങ്ങളിൽ നിന്നുള്ള നികുതിപ്പണം വർദ്ധിപ്പിച്ചു. സാമൂഹിക ക്ഷേമരാഷ്ട്രം അഥവാ പൊതുസമൂഹത്തിന്റെ പിൻതുണയുള്ള സാമൂഹികക്ഷേമ പദ്ധതികൾ മുതലാളിത്ത രാജ്യങ്ങളുടെ പൊതുമിനിമം പരിപാടിയായി. അങ്ങിനെ ലോകം മുഴുവൻ പൊതുസ്വകാര്യ പങ്കാളിത്വത്തിന്റെ മേഖലകൾ വളർന്നുവന്നു. ലോകത്തിന്റെ ഈ ദിശയിലുള്ള വളർച്ച ചൂണ്ടിക്കാണിക്കുന്നത് സ്വകാര്യ മേഖലയോടും പൊതുമേഖലയോടും നെഹ്രു സ്വീകരിച്ച സമദൂരസിദ്ധാന്തം ശരിയായിരുന്നുവെന്നാണ്.

**നെഹ്രു വിമർശനങ്ങൾക്കതീതനോ?**

ഇക്കാര്യങ്ങൾ രേഖപ്പെടുത്തുമ്പോഴും നെഹ്രു വിമർശനങ്ങൾക്കതീതനല്ല എന്ന് മറക്കുന്നില്ല. ചേരി ചേരാ പ്രസ്ഥാനത്തിന്റെ നായകനെന്ന് വിശേഷിപ്പിക്കപ്പെട്ടപ്പോഴും ചില പ്രത്യേക കാരണങ്ങളാൽ നെഹ്രുവിന്റെ റഷ്യൻ പക്ഷപാതിത്വം പ്രകടമായിരുന്നു. നെഹ്രുവിന് സ്റ്റാലിന്റെ സംവിധാനങ്ങളോട് ആന്തരികമായ അടുപ്പം നിലനിന്നിരുന്നു. ശാസ്ത്രീയ സോഷ്യലിസം-ലെനിനും സ്റ്റാലിനും നടപ്പാക്കിയത്- സത്യമാണെന്ന ധാരണ നെഹ്രുവിനുണ്ടായിരുന്നു. അതുകൊണ്ട് അന്താരാഷ്ട്ര വ്യാപാര, ആയുധകരാറുകളെല്ലാം ഏകപക്ഷീയമായി യു.എസ്.എസ്.ആർ ന് അടിയറവെച്ചു. സോവിയറ്റ് റഷ്യയോടുള്ള പക്ഷപാതിത്വമുള്ളവർ മാത്രം ദേശീയ വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിദ്യാഭ്യാസ നയ രൂപീകരണ സമിതികളിലും ഇടം പിടിച്ചത് വിദ്യാഭ്യാസമേഖലക്ക് തിരിച്ചടിയായി. സർവ്വമത സൗഹാർദ്ദമെന്നാൽ അത് എല്ലാ രാജ്യങ്ങളോടുമുള്ള സൗഹാർദ്ദപരമായ സഹവർത്തിത്വം കൂടിയാണ്. അത് കമ്മ്യൂണിസ്റ്റ് ചേരി രാഷ്ട്രങ്ങളോടുള്ള സൗഹാർദ്ദം മാത്രമായി അടിയറവെച്ചതാണ് നെഹ്രുവിന്റെയും കോൺഗ്രസ്സ് പാർട്ടിയുടെയും പരാജയം. ഇത്തരമൊരു പക്ഷപാതിത്വത്തിൽ നിന്ന് കരകയറാൻ ശ്രീ മൻമോഹൻ സിംഗ് പരിശ്രമിച്ചുവെങ്കിലും തലമുതിർന്ന കോൺഗ്രസ്സ് നേതാക്കളുടെ സോവിയറ്റ് പക്ഷപാതിത്വം അതിന് തടസ്സമാണ്. ഇന്നും മൻമോഹൻസിംഗ് വിമർശിക്കപ്പെടുന്നത് കോൺഗ്രസ്സ് പാർട്ടിക്കാരിൽ നിന്നാണ്, അത് പരസ്യമല്ല എന്നുമാത്രം.

**കോൺഗ്രസ്സിന്റെ പരാജയം**

രാഷ്ട്രത്തിന്റെ പിറകിൽ ജനതയുണ്ടെന്ന് കോൺഗ്രസ്സ് പാർട്ടി മറന്നുവെന്നതാണ് കോൺഗ്രസ്സിന്റെ പരാജയം. ജനങ്ങളെ സാർവ്വത്രിക ലക്ഷ്യത്തിലേക്ക് വളർത്തി ഐക്യപ്പെടുത്തുന്നതിൽ ആർ. എസ്.എസ്. വിജയിച്ചതാണ് ബി.ജെ.പി.യുടെ വിജയം. നാനാത്വത്തിൽ ഏകത്വം കണ്ടെത്തുന്ന സത്യാന്വേഷണം തുടരുന്നവർ കോൺഗ്രസ്സ് പാർട്ടിയിലുണ്ടാകുമ്പോൾ കോൺഗ്രസ്സ് വീണ്ടും ജീവിക്കും. അല്ലെങ്കിൽ പ്രാദേശിക പാർട്ടിയായി അധഃപതിക്കും. കോടാനുകോടി വ്യക്തികളെ ഭാരതീയർ എന്ന ഏകസമൂഹമായി മാറ്റുന്ന ദേശത്തെ സൃഷ്ടിക്കുന്ന എല്ലാ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനത്തേയും നന്ദിയോടെ ഓർക്കാം. വൈവിധ്യങ്ങൾ നിലനിർത്തി ഏകത്വം സൃഷ്ടിക്കുന്ന ഭാരതീയ പൈതൃകം വീണ്ടെടുക്കാം.